.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

സോഷ്യൽ ഓഡിററ് സൊസൈററി, കേരള

ആലപ്പുഴ ജില്ല

സോഷ്യൽ ഓഡിററ് റിപ്പോർട്ട്

1/10/2019-31/03/2019

ബ്ലോക്ക് കഞ്ഞിക്കുഴി

ഗ്രാമ പഞ്ചായത്ത് ചേർത്തല സൌത്ത്

വാർഡ് 15 ചക്കനാട്ട്

.

# ഉള്ളടക്കം


1. സോഷ്യൽ ഓഡിറ്റ്.....................................................3
2. പ്രവർത്തികൾ.........................................................4
3. 7 രജിസ്റ്ററുകൾ.......................................................6
4. ഫയൽ പരിശോധന...................................................8
5. ഫീൽഡ് പരിശോധന.................................................13
6. അവകാശ നിഷേധങ്ങൾ...........................................18
7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും.....................19
8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ..........................20
9. ഗ്രാമസഭ മിനുട്സ്.......................................................21


______

.

## സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും, കണക്കെടുപ്പും,പരിശോധനയും,വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്. പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതു ഭരണം ജനസൌഹാർദ്ദപരമാക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്യതുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ

നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ചേർത്തല തെക്ക് പഞ്ചായത്ത് w-15 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 10 പ്രവർത്തികളും ഫയൽ പരിശോധനാ സമയത്ത്പൂർത്തീകരിച്ച 2 പ്രവർത്തികളും കൂടി 12 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

.

സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പ ർ | പ്രവർത്തിയുടെ പേര്& | ആരം ഭിച്ച തിയതി | അവസാ നിച്ച തിയതി | എസ്ററിമേ ററ് തുക | ചെല വായ തുക |
|---|---|---|---|---|---|
| 1. | ധനലക്ഷ്മി ഭാഗം വൃക്ഷ തൈ നടീൽ IF/336681 | 28/06/2018 | 17/02/2019 | 496286/- | 469662/- |
| 2. | ഒരുമ ഭാഗം വൃക്ഷ തൈ നടീൽ IF/346092 | 28/6/2018 | 8/3/2019 | 496286/- | 468849/- |
| 3. | ഹരിത ഭാഗം വൃക്ഷ തൈ നടീൽIF/336583 | 28/6/2018 | 29/3/19 | 496286/- | 461532/- |
| 4. | മാത്തശ്ശേരി ഭാഗം വൃക്ഷ തൈ നടീൽ। F/345949 | 28/6/18 | 2/3/19 | 496286/- | 461532/- |
| 5. | തച്ചുപറമ്പ്ഭാഗംവൃക്ഷ തൈ നടീൽ। F/345763 | 28/6/18 | 15/2/19 | 487191/- | 456112/- |
| 6. | കൂത്തുവെളി ഭാഗം വൃക്ഷ തൈ നടീൽ। F/309584 | 28/6/18 | 31/3/19 | 496286/- | 466410/- |
| 7. | കൊച്ചിറയിൽ ഭാഗംവൃക്ഷ തൈ നടീൽ। F/345952 | 28/6/18 | 27/3/19 | 477048/- | 448585/- |
| 8. | ശ്രീലക്ഷ്മി ഭാഗംവൃക്ഷ തൈ നടീൽ। F/303969 | 28/6/18 | 17/3/19 | 496286/- | 466982 |
| 9 | ഗുരുപുരം ഭാഗം വേപ്പിൻ തൈ നഴ്സറി DP/273836 | 12/12/18 | 19/5/19 | 269229/- | 264786/- |
| 10. | തോത്തശേരി ഭാഗം വേപ്പിൻ തൈ നഴ്സറി DP/273835 | 28/1/19 | 29/5/19 | 269229/- | 262349/- |
| 11 | പുറത്താംവീട് ഭാഗം വൃക്ഷ തൈ നടീൽ | 28/6/19 | 5/3/19 | 495286/- | 467494/- |

.

| | | | | | |
|---|---|---|---|---|---|
| | | | | | |
| 12. | കോണംകാട്ട് കരിക്കുകീരിചിറതോട് വശങ്ങളിൽ തീറ്റപ്പുൽ വച്ചുപിടിപ്പിക്കൽWH /325940 | 20/3/19 | 30/3/19 | 96956/- | 95514/- |
| 13. | ചക്കനാട്ടു ഭാഗം വൃക്ഷതൈ നടീൽ309537 | | | | |

വ

ഫയൽ

***മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്*** .

1. *തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ*
2. *ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ*
3. *തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ*
4. *പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ*
5. *സ്ഥിര ആസ്തികളുടെ രജിസ്റ്റർ*
6. *പരാതി രജിസ്റ്റർ*
7. *സാധന രജിസ്റ്റർ*

## ***പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ***

1. ***തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ***
   - *സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.*
   - *പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.*
2. ***ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ***
   - *രജിസ്റ്ററിന്റെ കവർ പേജിൽ സെക്രട്ടറി ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.*

.

- സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
- ഈ സാമ്പത്തിക വർഷത്തിൽ നടന്ന തൊഴിലാളി ഗ്രാമസഭയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- ലൈഫ്,ബ്ലോക്ക് പ്ലന്റേഷന്,നിലം ഒരുക്കൽ,തോട് പുനരുദ്ധാരണം,ആട്ടിന്കൂട്,കാലിത്തൊഴുത്തു,കോഴിക്കൂട് നിർമ്മാണം,നഴ്സറി നിർമ്മാണം,ഭൂവികസന പ്രവർത്തികൾ തുടങ്ങിയ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.
- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- പ്രവർത്തികളുടെ പേര് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.
- വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3. **<u>തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ</u>**
   - കവർപേജ് ഉണ്ടായിരുന്നു
   - എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു
4. **<u>പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ</u>**
   - കവർപേജ് ഉണ്ടായിരുന്നു.
   - എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു.
5. **<u>സ്ഥിര ആസ്തികളുടെ രജിസ്റ്റർ</u>**
   - കവർപേജ് ഉണ്ടായിരുന്നു
   - വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്
6. **<u>പരാതി രജിസ്റ്റർ</u>**
   - പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നു
7. **<u>സാധന രജിസ്റ്റർ</u>**
   - കവർപേജ് ഉൾപ്പെടുത്തിയിരുന്നു
   - 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചു
     എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.

.

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1. കവർപേജ് AMC പ്രകാരമുള്ള കവർ പേജ്, പരിശോധിച്ച 17ഫയലുകളിലും ഉണ്ടായിരുന്നു.പ്രവർത്തിയുടെപേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, കാറ്റഗറി, പ്രവർത്തി ആരംഭിച്ച തിയതി, എസ്റ്റിമേറ്റ് തുക, അവസാനിച്ച തിയതി, ചിലവായ തുക, ബ്ലോക്ക്, പഞ്ചായത്ത്, അസംബ്ലി നിയോജക മണ്ഡലം ,മേറ്റിന്റെ പേര് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
Geo Tag, സാങ്കേതിക വിദഗ്ദ്ധന്റെ പേര്, സോഷ്യൽ ഓഡിറ്റ് എന്നീ രേഖപ്പെടുത്തലുകൾ 15 ഫയലിലും ഉണ്ടായിരുന്നില്ല.

2. ചെക്ക് ലിസ്റ്റ് _15 ഫയലിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

3. വാർഷിക കർമ്മ പദ്ധതി _ ആക്ഷൻ നോൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

4. എസ്റ്റിമേറ്റ്-
കവർ പേജ്, വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ തിയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. Rate analysis,Estimatereport,drawing and design,survey data എന്നിവ ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.

5. സാങ്കേതികാനുമതി-സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.

6. ഭരണാനുമതി-പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ, ഭരണാനുമതി നമ്പർ തിയതി ഉൾപ്പെടെ) ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ
സംയോജിത പദ്ധതിയുടെ ഫയൽ പരിശോധിച്ചിട്ടില്ല.

8. ഡിമാന്റ് ഫോറം-
അനുച്ഛേദം Bപ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു

.

ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന ഫോമിൽ തിയതി രേഖപ്പെടുത്തക യോ, കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

9. വർക്ക് അലോക്കേഷൻ ഫോറം.

അനുഛേദപ്രകാരമുള്ളവർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നു. തിയതി രേഖപ്പെടുത്തിയിട്ടില്ലായിരുന്നു.

10.E-Muster Roll-

BDO ,പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീല്ലം രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ദിവസം ഒരു പ്രാവശ്യം മാത്രം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നു.തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല

M. Roll ൽ മേറ്റും ഓവർസിയറും തീയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

11.M- Book

പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു. സെക്രട്ടറിcertify ചെയ്തിരുന്നില്ല.work code,ASNo.,TS No., രേഖപ്പെടുത്തിയിരുന്നില്ല. അക്രെഡിറ്റഡ് എൻജിനീയർ ,ഓവർസിയർ, എന്നിവർ ഒപ്പും സീലും രേഖപ്പെടുത്തുകയും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ-

മെറ്റീരിയൽ ഉൾപ്പെട്ട പ്രവർത്തി ഫയലുകൾ( സിറ്റിസൺ ഇൻഫോർമേഷൻ ബോഡ് ഒഴികെ) പരിശോധിച്ചിട്ടില്ല.

.

13. വേജ് ലിസ്റ്റ്

മസ്റ്റ റോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

14.F TO

വേജ് ലിസ്റ്റ് പ്രകാരമുള്ളF TO ഉണ്ടായിരുന്നു.

.

15 .മെറ്റീരിയൽ വൗച്ചർ&ബിൽ
മെറ്റീരിയൽ ഇനത്തിൽ ബോർഡ്, വളം എന്നിവ ഉൾപ്പെടുത്തിയതിൽ ബോർഡിന്റെ ബില്ലും (മേറ്റ് എഴുതി നൽകിയത് ), നാമമാത്രമായി മാത്രം വളത്തിന്റെ ബില്ല് കാണപ്പെട്ടു.

16. റോയൽറ്റി
റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.
17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ

ഉണ്ടായിരുന്നു.

18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം
പരിശോധിച്ച എല്ലാ ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു .പ്രവർത്തിയുടെ പേര്, കോഡ്, ആരംഭിച്ച തിയതി, അവസാനിച്ച തിയതി, എസ്റ്റിമേറ്റ് തുക, ചെലവായ തുക എന്നീ വിവരങ്ങൾസാങ്കേതിക വിഗദ്ദ്ധൻ പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ എല്ലാ ഫയലുകളിലും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്
മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ മസ്റ്റ റോൾ നമ്പർ, തിയതി, മെഷർമെന്റ്ൾ തിയതി, MIS ൽ upload ചെയ്ത തീയതി, 1st and IInd Signature എന്നിവ ഉണ്ടായിരുന്നു
.
20. ജിയോടാഗ് ഫോട്ടോഗ്രാഫ്
പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്
പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

22. സൈറ്റ് ഡയറി .
പരിശോധിച്ച എല്ലാ ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.പ്രവർത്തിയുടെ പേര്, കോഡ്, ആരംഭിച്ച തിയതി, അവസാനിച്ച തിയതി, എസ്റ്റിമേറ്റ് തുക, ആകെ തൊഴിൽ ദിനങ്ങൾ, തൊഴിലാളികളുടെ പേരുവിവരം, പ്രോജക്ട് ഇനിഷ്യേറ്റീവ് വിശദാംശങ്ങൾ, VMC അംഗങ്ങളുടെ ഒപ്പ് എന്നീ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

ചികിത്സാ ചിലവ് സംബന്ധിച്ച ,വിവരങ്ങൾ, വിജിലന്റ് സ്&മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നീ വിവരങ്ങൾ

.

ഉണ്ടായിരുന്നില്ല. NREGA ഓവർസിയർ, വാർഡ് മെമ്പർ, വാർഡ് വികസന സമിതി അംഗങ്ങൾ ( w - 15) എന്നിവർ പ്രവർത്തി സ്ഥലം സന്ദർശിച്ചതായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.VM C അംഗങ്ങൾ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ പ്രവർത്തി സ്ഥലം സന്ദർശിച്ചതിന്റെ രേഖപ്പെടുത്തലുകൾ സൈറ്റ് ഡയറിയിൽ ഉണ്ടായിരുന്നില്ല.
(JBDO ഒഴികെ)

ഫീ.ൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1. ധനലക്ഷ്മി ഭാഗം വൃക്ഷ തൈ നടീൽ IF/33668

എസ്ററിമേററ് പ്രകാരം 2600 ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ് തല പരിശോധനയിൽ ഒരു പ്രവർത്തിസ്ഥലത്ത്1650 തൈകൾ കാണാൻ കഴിഞ്ഞു. 21 വീടുകളിലായി 950 തൈകൾ നട്ടതിൽ 500 എണ്ണം വെള്ള പൊക്കത്തിൽ നശിച്ചു പോയതായി തൊഴിലാളികൾ അഭിപ്രായപെട്ടു.
2.ഒരുമ ഭാഗംവൃക്ഷതൈ നടീൽ IF/346092

എസ്ടിമെറ്റ് പ്രകാരം2600വൃക്ഷതൈകൾനട്ടു പിടിപ്പിക്കുന്നത്തിനുംപരിപാലികുന്നതിനും ലക്ഷ്യമിടുന്നു
എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ്തല പരിശോധനയില്ഒരു പ്രവർത്തിസ്ഥലത്ത്1700തൈകൾകണ്ടെതാൻകഴിഞ്ഞു.25 കുടുംബങ്ങളിലായി നട്ട 900 ചെടികളിൽ 450 എണ്ണം വെള്ളത്തിൽ മുങ്ങിനശിച്ചുപോയതായി തൊഴിലാളികള് അഭിപ്രായപ്പെട്ടു.
3. ഹരിത ഭാഗം വൃക്ഷ തൈ നടീൽIF/336583

എസ്ടിമെറ്റ് പ്രകാരം2600 വൃക്ഷതൈകള് നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ്തലപരിശോധനയില്ഒരു പ്രവർത്തിസ്ഥലത്ത് 1650ചെടികള് കണ്ടെത്തുന്നതിനുകഴിഞ്ഞു താഴ്ന്ന പ്രദേശത്തും 20 വീടുകളിലുമായിനട്ടുപരിപാലിച്ച950 ചെടികൾ വെള്ളം കയറി നശിച്ചു പോയതായിതൊഴിലാളികള് അഭിപ്രായപ്പെട്ടു.

.

4.മാത്തശ്ശേരി ഭാഗം വൃക്ഷ തൈ നടീൽ। F/345949

എസ്റ്റിമേറ്റ് പ്രകാരം2600 വൃക്ഷതൈകള് നട്ടുപരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ് തലപരിശോധനയില് 5 പുരയിടങ്ങളിലായി 1751 തൈകൾ കണ്ടെത്തുന്നതിനു കഴിഞ്ഞു. 23വീടുകളിലായി നട്ടുവളർത്തിയ 849 തൈകളിൽ549 എണ്ണം
വെള്ളം കയറിനശിച്ചുപോയതായിതൊഴിലാളികള് അഭിപ്രായപ്പെട്ടു.

5. തച്ചുപറമ്പ്ഭാഗംവൃക്ഷ തൈ നടീൽ। F/345763

എസ്റ്റിമേറ്റ് പ്രകാരം 2575 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ് തലപരിശോധനയില്2 പുരയിടങ്ങളിലായി1738 ചെടികള് കണ്ടെത്തുന്നതിന് കഴിഞ്ഞു.862 ചെടികള് വെള്ളം കയറി നശിച് പോയത് തൊഴിലാളികള് നട്ടുപിടിപ്പിച്ചു കൊണ്ടിരിക്കുകയാണെന്ന് മേററ് അഭിപ്രായപ്പെട്ടു.

6. കൂത്തുവെളി ഭാഗം വൃക്ഷ തൈ നടീൽ। F/309584

എസ്ടിമേറ്റ് പ്രകാരം 2600 വൃക്ഷതൈകള് നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഫീൽഡ്പരിശോധനയില് ഒരു പുരയിടത്തിൽ 1650 ചെടികൾകണ്ടെത്തുന്നതിന് കഴിഞ്ഞു.20 വീടുകളിലായി നട്ടിരുന്ന 950 ചെടികളിൽ 678 ചെടികൾ നശിച്ചു പോയതായി തൊഴിലാളികൾ അറിയിച്ചു.

7.കൊച്ചിറയിൽ ഭാഗംവൃക്ഷ തൈ നടീൽ। F/345952

എസ്റ്റിമേറ്റ് പ്രകാരം 2530 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

.

ഫീൽഡ് തലപരിശോധനയില്2 പുരയിടങ്ങളിലായി 897 ചെടികള് കണ്ടെത്തുന്നതിന് കഴിഞ്ഞു. നിലം നിവർത്തിയ പുരയിടത്തിൽ നട്ടിരുന്ന1633ചെടികൾ വെള്ളം കയറി നശിച് പോയതായിതോഴിലാളികള് അഭിപ്രായപ്പെട്ടു.

8.ശ്രീലക്ഷ്മി ഭാഗം വൃക്ഷ തൈ നടീൽ I F/303969

എസ്റ്റിമേറ്റ് പ്രകാരം 2600 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ് തലപരിശോധനയില്5 പുരയിടങ്ങളിലായി 1928 ചെടികള് കണ്ടെത്തുന്നതിന് കഴിഞ്ഞു. താഴ്ന്ന പുരയിടത്തിൽ നട്ടിരുന്ന672ചെടികൾ വെള്ളം കയറി നശിച് പോയതായിതോഴിലാളികള് അഭിപ്രായപ്പെട്ടു.

9.പുറത്താംവീട് ഭാഗംവൃക്ഷതൈ നടീൽ
I F/336686
എസ്റ്റിമേറ്റ് പ്രകാരം 2600 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു. എം
ബുക്ക് പ്രകാരം ഇതിനുള്ള തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ് തലപരിശോധനയില്2 പുരയിടങ്ങളിലായി 756 ചെടികള് കണ്ടെത്തുന്നതിന് കഴിഞ്ഞു. 23 വീടുകളിലായി നട്ടിരുന്ന1844 ചെടികളിൽ ഏകദേശം1050 വെള്ളം കയറി നശിച് പോയതായിതോഴിലാളികള് അഭിപ്രായപ്പെട്ടു.
10.ചക്കനാട്ടു ഭാഗം വൃക്ഷതൈ നടീൽ 272546

എസ്ടിമേറ്റ് പ്രകാരം 2600 വൃക്ഷതൈകള് നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു.
ഫീൽഡ്പരിശോധനയില് ഒരു പുരയിടത്തിൽ 1633 ചെടികൾകണ്ടെത്തുന്നതിന് കഴിഞ്ഞു. 20 വീടുകളിലായി നട്ടിരുന്ന 950 ചെടികളിൽ 677 ചെടികൾ നശിച്ചു പോയതായി തൊഴിലാളികൾ അറിയിച്ചു.

കോണംകാട്ട് കരിക്കുകീരിചിറതോട് വശങ്ങളിൽ തീറ്റപ്പുൽ വച്ചുപിടിപ്പിക്കൽWH/325940

89 മിറ്റര് നീളത്തിൽ, 2 മിറ്റര് വീതിയിൽ1.5 മീറ്റര് ആഴത്തില് തോട് വെട്ടി വസങ്ങളിൽ തീറ്റപ്പുല് നട്ടു പിടിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

തോട്ടിൽവെള്ളം നിറഞ്ഞുനിൽക്കുകയും ഇരു കരകളിലുമായി നടക്കാന് കഴിയാത്ത സാഹചര്യത്തില് തോടിന്റെ നീളംപൂർണമായി അളക്കാന്

കഴിഞ്ഞില്ല. അളവെടുകാന് കഴിഞ്ഞ 41 മീറ്ററില് തോട് വെ ട്ടിയിട്ടുള്ളതായും തീറ്റപ്പുല് നട്ടിട്ടുള്ളതായും കാണാന് കഴിഞ്ഞു

ഗുരുപുരം ഭാഗം വേപ്പിൻ തൈ നഴ്സറിDP/273836

എസ്റ്റിമേറ്റ് പ്രകാരം2000 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു.

ഫീൽഡ് പരിശോധനയിൽ 2000 ത്തിലധികം വേപ്പിൻ തൈകൾ പോളിത്തീൻ കവറുകളിൽ നട്ടു പരിപാലിച്ചിരുന്നു.

തോത്തശേരി ഭാഗം വേപ്പിൻ തൈ നഴ്സറിDP/273835

എസ്റ്റിമേറ്റ് പ്രകാരം2000 തൈകള്നട്ടു പരിപാലിക്കുന്നതിനു ലക്ഷ്യമിടുന്നു.

ഫീൽഡ് പരിശോധനയിൽ 2000 ത്തിലധികം വേപ്പിൻ തൈകൾ പോളിത്തീൻ കവറുകളിൽ നട്ടു പരിപാലിച്ചിരുന്നു.

അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനംലഭിച്ചതുമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല

11 വൃക്ഷതൈ നടിൽ പ്രവർത്തികളിലും7840M2 കാടു വെട്ടിതെളിച്ച് 2600 വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. തൈകൾ നട്ടുപിടിപ്പിക്കുന്നതിന് 1.35 രൂപ നിരക്കിലും പരിപാലിക്കുന്നതിന്0.53 നിരക്കിലും തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഒരു പ്രവർത്തി സ്ഥലത്തും 2600 ചെടികൾ കാണാൻ കഴിഞ്ഞിട്ടില്ല.

.

417 തൊഴിൽ കാർഡ്ള്ളവരിൽ 226 സജീവതൊഴിലാളികളുണ്ട്.ഇതിൽ 121 പേർക്ക് 150 ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്.

മൂന്നു വർഷം തുടർച്ചയായി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ 3 വർഷം പരിപാലനം നൽകിയാണ് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ പ്രവർത്തികൾ നടത്തുന്നത്. വിവിധയിനം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ വിഷരഹിതമായ ഫലങ്ങൾ വരും തലമുറയ്ക്കും ലഭ്യമാകും. ഇതിലൂടെ മണ്ണിലേക്ക് ജലം എത്തുന്നതിനും അന്തരീക്ഷത്തിലെ ഓക്സിജൻ വർദ്ധിപ്പിക്കുന്നതിനും കഴിയും. ഫലവൃക്ഷതൈകൾ നട്ടുപിടിപ്പക്കൽ പ്രവർത്തികളിൽ സ്ഥലപരിമിതിക്കും താഴ്ന്ന സ്ഥലത്തിനും അനുയോജ്യമായ തരത്തിലുള്ള വൃക്ഷങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കുറച്ച് സ്ഥലത്ത് കൂടുതൽ വൃക്ഷതൈകൾ നട്ടുപരിപാലിച്ചിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ഇത് ചെടികളുടെ ശരിയായ വളർച്ചക്ക് തടസ്സം നിൽക്കുന്നു. പ്രസ്തുത പ്രവർത്തിയിൽ ശരിയായ വളപ്രയോഗം നടത്താൻ കഴഞ്ഞിട്ടില്ല. തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ച് ചെടികൾക്ക് വളം നൽകേണ്ട അവസ്ഥയാണുള്ളത്. കൊടും വരൾച്ചയിലും മസ്റ്ററോൾ ഇല്ലാത്ത സമയങ്ങളിലും വറ്റി വരണ്ട കുളങ്ങൾ വെട്ടി വെള്ളമെടുത്താണ് തൈകൾ നനച്ചു പരിപാലിച്ചിട്ടുണ്ട്.നട്ടു വളർത്തിയ ഫലവൃക്ഷതൈകളിൽ നിന്നും വിഷരഹിതമായ ഫലങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

.

# ഗ്രാമസഭ മിനുട്സ്.

ചേർത്തല തെക്ക് പഞ്ചായത്ത് വാർഡ് 15 (ചക്കനാട്ട്)സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ5/9/2019 10- 30 മുതൽ നാശ്ശേരി പറമ്പ് ശ്രീ.രവീന്ദ്രന്റെ വസതിയിൽ വെച്ച് നടന്നു. ഗ്രാമ സഭയക്ക് തൊഴിലാളിയായ ശ്രീമതി പി.കെ.സുശീല അദ്ധ്യക്ഷത വഹിച്ചു.ഈശ്വര പ്രാർത്ഥനയോടെ ആരംഭിച യോഗത്തിന് വാർഡ് മെമ്പർ ശ്രീ.B.സലിം സ്വാഗതം ആശംസിച്ചു.BD0, JBD0, AS, NREGA ജീവനക്കാർ, വാർഡ് മെമ്പർ, വാർഡ് വികസന സമിതി അംഗങ്ങൾ, VM C അംഗങ്ങൾ, മേറ്റു മാർ, തൊഴിലാളികൾ തുടങ്ങി 210 പേർ പങ്കെടുത്തു.

1/10 /2018 മുതൽ 31/3/2019 വരെ പൂർത്തീകരിച്ച 11 പ്രവർത്തികളും ഫയൽ പരിശോധനാ സമയത്ത് പൂർത്തീകരിച്ച രണ്ട് പ്രവർത്തികളും ചേർത്ത് ആകെ 13 പ്രവർത്തികൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിനെക്കുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ ,ഫീൽഡ്ക്ക്ശോധനയിലെ കണ്ടെത്തലുകളും റിസോഴ്സ്പേഴ്സൺ അവതരിപ്പിച്ചു.

കരട് ഓഡിറ്റ് റിപ്പോർട്ടിൽ വാർഡ് 15 ൽ തൊഴിലിന് അപേക്ഷിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും തൊഴിലാളികളുടെ 10 അവകാശം ങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്നും, തൊഴിലിട സൗകര്യങ്ങൾ ലഭിക്കുന്നില്ല, എസ്റ്റിമേറ്റ്, MBookപ്രകാരമുള്ള പ്രവർത്തികളിൽ ഫീൽഡ് പ്രവർത്തികളിലുള്ള വ്യത്യാസം ചൂണ്ടി കാണിക്കുന്നതോടൊപ്പം വൃക്ഷതൈ നടീൽ പ്രവർത്തികളിൽ ഭു ഉടമയുമായി കരാർ വയ്ക്കുകയും ഏതു വസ്തുവിൽ ഏതൊക്കെ ചെടികൾ നട്ടുപിടിപ്പിക്കുന്നുവെന്നുള്ള കാര്യങ്ങൾ ഫയലിൽ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഫയലിലും ഫീൽഡിലുമായി കണ്ടെത്തിയ കാര്യങ്ങൾ ഗ്രാമസഭ വിശദമായി ചർച്ച ചെയ്തു.

.

പൊതുചർച്ചയിൽ പങ്കെടുത്ത തൊഴിലാളികൾ

ദേവകി
മേറ്റ് തൊഴിൽ ശരിയായിട്ടുണ്ടെന്ന് പറയുമ്പോൾ പ്രോജക്ട് മീറ്റിംഗിൽ പങ്കെടുത്ത് തൊഴിലിനുള്ള അപേക്ഷ നൽകുകയാണെന്നും, തൊഴിലിന് നേരിട്ട് അപേക്ഷിക്കാറില്ലെന്നും ഉപകരണവാടക, തൊഴിലിട സൗകര്യങ്ങൾ ലഭിക്കാറില്ലെന്നും അഭിപ്രായപ്പെട്ടു

.
കുമാരി
രണ്ടു വർഷം മുൻപ് തൊഴിലുറപ്പിൽ ജോലി ചെയ്തപ്പോൾ കൈ മുറിഞ്ഞതിന് സഹായം ലഭിച്ചിട്ടില്ലെന്ന് അഭിപ്രായപ്പെട്ടു.

രാമചന്ദ്രൻ
2019ലെ വരൾച്ചയിൽ നട്ട ചെടികൾ മസ്റ്റ റോൾ ഇല്ലാത്ത സമയത്തും വറ്റിവരണ്ട കുളങ്ങൾ വെട്ടി നനച്ചു പരിപാലിച്ച തൊഴിലാളികളെ അഭിനന്ദിക്കണം.

ശാന്ത
നഴ്സറിയിലെ 2600 തൈകൾ വൃക്ഷതൈ നടീൽ പ്രവർത്തിയിൽ താഴ്ന്ന പ്രദേശത്ത് നട്ടുവളർത്തിയ ചെടികൾ നഷടപ്പെട്ടു. നഷ്ടപ്പെട്ട ചെടികൾ നട്ടുപിടിപ്പിച്ചു കൊണ്ടിരിക്കുകയാണ്.എസ്റ്റിമേറ്റ് പ്രകാരമുള്ള വളത്തിന്റെ തുക ഇതുവരെ ലഭിച്ചിട്ടില്ല.

മിനി
തൈകൾ നട്ടിരുന്ന സ്ഥലത്ത് റോഡ് വന്നപ്പോൾ കുറച്ച് ചെടികൾ നശിച്ചുപോയി. നഷ്ടപ്പെട്ട ചെടികൾ നട്ടുപിടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. 2600 തൈകൾ പരിപാലിക്കും.

ഗീത
നിലംനികർത്തിയ പുരയിടത്തിലാണ് തൈകൾ നട്ടുപിടിപ്പിച്ചിരുന്നത്.പ്രളയത്തിൽ തൈകൾ മുഴുവൻ നഷ്ടപ്പെട്ടു. മറ്റൊരു പുരയിടത്തിൽ വീണ്ടും തൈകൾ നട്ടു. നഷ്ടപ്പെട്ടത് നട്ടുപിടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. 2600 തൈകൾ സംരക്ഷിക്കും.

തങ്കമ്മ
271 രൂപ കൂലി വളരെ കുറവാണ്. 300 രൂപയാക്കണം.

സിന്ധു
താഴ്ന്ന പ്രദേശത്ത് നട്ടിരുന്ന ചെടികൾ വെള്ളത്തിൽ നശിച്ചുപോയി. 2600 തൈകൾ സംരക്ഷിക്കും.

വത്സല
ഫെബ്രുവരി 15ന് പൂർത്തീകരിച്ച പ്രവർത്തിയിൽ പരിപാലനം ആരംഭിച്ചത് ജൂലായ് മാസത്തിലാണ്. വേനൽക്കാലത്ത് നശിച്ചചെടികൾ വച്ചുപിടിപ്പിച്ചത് മഴവെള്ളത്തിലും നശിച്ചുപോയി. വീണ്ടുംതൈകൾ വച്ചു കൊണ്ടിരിക്കുകയാണ്. 2600 തൈകൾ സംരക്ഷിക്കും.

പുഷ്പ
കാടുപിടിച്ച പുരയിടത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തൈകൾ നട്ടുവളർത്തിയിരുന്നു. വരൾച്ചയിലും പ്രളയത്തിലും നശിച്ചുപോയത് വീണ്ടും വച്ചു കൊണ്ടിരിക്കുന്നു. 2600 തൈകൾ സംരക്ഷിക്കും

ഷൈല
4 പുരയിടങ്ങളിലായി വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചു. നഷ്ടപ്പെട്ട മുഴുവൻ തൈകളും നട്ടുപിടിപ്പിച്ചു.

ബിന്ദു
സ്ഥലത്തിന്റെ പരിമിതി മൂലം 23 വീടുകളിലായും ചെടികൾ നട്ടു. താഴ്ന്ന പ്രദേശത്തും വീടുകളിലുമായി നട്ടുവളർത്തിയ ചെടികൾ നശിച്ചുപോയി. നശിച്ചുപോയവ നട്ടുപിടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. 2600 തൈകളും സംരക്ഷിക്കും.വളത്തിന്റെ തുക ലഭിക്കുന്നില്ല .

മഞ്ജുള
പച്ചക്കറി കൃഷി തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം. വൃക്ഷതൈകളുടെ പരിപാലനത്തിന് 10 പേരെ നിയോഗിക്കണം.

ചർച്ചക്ക് മറുപടി

NREGA ഓവർസിയർ
Secure ൽ എസ്റ്റിമേറ്റ് മലയാളത്തിൽ തയ്യാറാക്കുവാൻ സാധിക്കുന്നില്ല. പ്രോജക്ട് മീറ്റിംഗിൽ വിശദീകരിച്ചു നൽകാറുണ്ട്. മസ്റ്റ റോളിൽ രണ്ട് പ്രാവശ്യം ഒപ്പ് ഇടുവാൻ നിർദ്ദേശിക്കും.എന്നാൽ ഉച്ചവരെയുള്ള തൊഴിലിന് വേതനം നൽകാൻ കഴിയില്ല. മസ്റ്റ റോൾ ലഭിക്കുന്നതിൽ സോഫ്റ്റ് വെയർ

.

തകരാർ മൂലം തടസം വരാറുണ്ട്.

തൊഴിലിട സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്, തണൽ, കുടിവെള്ളം എന്നിവ നൽകുന്നതാണ്.

എല്ലാവർക്കും നൽകുന്നതിനുള്ള തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല. പണി ആയുധങ്ങളുടെ വാടക ബ്ലോക്കിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറക്ക് നൽകുന്നതാണ്.

നിലവിലുള്ള വിലവിവരത്തിന്റെ അടിസ്ഥാനത്തിൽ 2600 തൈകൾ പരിപാലിക്കുന്നതിന് 5 -ൽ കൂടുതൽ ആളുകളെ നിയോഗിക്കാൻ കഴിയില്ല.

വൃക്ഷതൈ നടീൽ, നഴ്സറി പ്രവർത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള വളത്തിന്റെ തക ഇനിമുതൽ നൽകുന്നതാണ്.

പ്രവർത്തിയുടെ എണ്ണം കൂടുതലുംആനുപാതികമായുള്ള സ്റ്റാഫ് ഇല്ലാത്തതിനാലും എല്ലാ പ്രവർത്തിയിടങ്ങളിലും 2600 വൃക്ഷ തൈകൾ എണ്ണി തിട്ടപ്പെടുത്താൻ കഴിയുന്നില്ല.എല്ലാ പ്രവർത്തിയിടങ്ങളിലും നഷടപ്പെട്ട തൈകൾ എത്രയും വേഗം നട്ടുപിടിപ്പിക്കുന്നതാണ്. പദ്ധതി ആരംഭത്തിൽ തൈകളുടെ എണ്ണം തിട്ടപ്പെടുത്തിയിരുന്നതാണ്.

BDO
മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കർശന ഇടപെടൽ വരുന്നതിന്റെ ഭാഗമാണ് സോഷ്യൽ ഓഡിറ്റ്. 6 മാസംകൂടുമ്പോൾ നടത്തുന്ന സോഷ്യൽ ഓഡിറ്റിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തി കണ്ടെത്തിയില്ലെങ്കിൽ തുക തിരിച്ചടക്കേണ്ടി വരും. ആസ്തി നിലനിർത്തുന്ന പ്രവർത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയൂ. പച്ചക്കറി കൃഷി താൽക്കാലികമായതിനാൽ ഏറ്റെടുക്കാൻ കഴിയില്ല.തീറ്റപ്പുൽകൃഷി, തീരദേശത്ത് കാറ്റാടി വച്ചുപിടിപ്പിക്കൽ സ്വയം സഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ്, സ്കൂളുകൾക്ക് ഡൈനിംഗ് ഹാൾ, ടോയ് ലറ്റ്, കാലിത്തൊഴുത്ത്, ഓട, പാലം തുടങ്ങിയവയുടെ നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്.

Local purchase ന്GST ഒഴിവാക്കണം.GSTബില്ലുകൾ നിർബന്ധമായ തിനാലും കർഷകരിൽ നിന്നും വാങ്ങുന്ന ചാണകത്തിന്GST ബില്ല്ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതിനാലാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള വളത്തിന്റെ തുക നൽകാൻ കഴിയാതിരുന്നത്

.

9 മാസമായി ജീവനക്കാർക്ക് വേതനം ലഭിക്കുന്നതിനുള്ള തുകയും ഓഫീസ് ചെലവുകൾക്കുള്ള തുകയും ലഭിക്കുന്നില്ലെന്നും പഞ്ചായത്തുകളിൽown fund ൽ നിന്നും ജീവനക്കാർക്ക് വേതനം മാത്രം നൽകുന്നതായുംBD0 അഭിപ്രായപ്പെട്ടു.

VMC പുനസംഘടന, സോഷ്യൽ ഓഡിറ്റ് സമിതി രൂപീകരണം എന്നിവ നടത്തി

V. K ഷാജി, MN. പൊന്നപ്പൻ, P. B. മനോഹരൻ, V C ബിനേഷ്, സരിത ബേബി എന്നിവരെ VM C അംഗങ്ങളായി തെരഞ്ഞെടുത്തു.

വി.കെ ഷാജി, പി.ബി. മനോഹരൻ, ശ്രീലത നടേശൻ, പ്രഭുഷ, തിലകമ്മ, ഷേർലി (അംഗൻവാടി ടീച്ചർ), സരിതാ ബേബി, സി.എം.പുഷ പാസനൻ, എം ആർ രാമനാഥൻ, വിനേഷ് ബി.സി., പൊന്നപ്പൻ എം.എൻ.മനോഹരൻ പി.സ്- എന്നിവരെ സോഷ്യൽ ഓഡിറ്റി സമിതി അംഗങ്ങളായി ഗ്രാമസഭ തെരഞ്ഞെടുത്തു.

തീരുമാനങ്ങൾ

1. പുതിയ തൊഴിൽ കാർഡ് ലഭിക്കാത്തവർക്ക് തൊഴിൽ കാർഡ് നൽകുന്നതിന് തീരുമാനിച്ചു.

2. തൊഴിലിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

3. മസ്റ്റ റോളിൽ ദിവസവും രണ്ട് പ്രാവശ്യം ഒപ്പിടുവിക്കുവാൻ തീരുമാനിച്ചു.

4. തൊഴിൽ കാർഡിൽവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും പാസ് ബുക്ക് പതിപ്പിക്കുന്നതിനും മേറ്റു മാർക്കും തൊഴിലാളികൾക്കും നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

5 .തൊഴിലിട സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്, തണൽ, കുടിവെള്ളം, പണിയായുധങ്ങളുടെ വാടക എന്നിവ നൽകുന്നതിന് തീരുമാനിച്ചു.

6. വൃക്ഷതൈ നടീൽ പ്രവർത്തികളിൽ സ്ഥല ഉടമയുമായുള്ള കരാർ, കരം അടച്ച രസീത്, ഓരോ വസ്തുവിലും നട്ട ചെടികളുടെ എണ്ണം എന്നിവ ഫയലിൽ സൂക്ഷിക്കാൻ തീരുമാനിച്ചു.

.

7. വൃക്ഷതൈ നടിൽ പ്രവർത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെടികൾ പരിപാലിക്കുവാൻ തീരുമാനിച്ചു.

8.VM C അംഗങ്ങൾ എല്ലാ മാസവും പ്രവർത്തിയിടങ്ങൾ സന്ദർശിക്കുന്നതിനും തൈകൾ എണ്ണി തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിനും തീരുമാനിച്ചു.

9. വൃക്ഷതൈ നടിൽ, നഴ്സറി പ്രവർത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള വളത്തിന്റെ തുക നൽകുന്നതിന് തീരുമാനിച്ചു.

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ അംഗീകരിക്കുകയും വാർഡ് വികസനസമിതി കൺവീനർ നന്ദി രേഖപ്പെടുത്തുകയും ചെയ്ത സോഷ്യൽ ശേഷം 1-30ന് യോഗം അവസാനിച്ചു.

സീന.കെ.ആർ ബി ആർ പി